"ഭരണഭാഷ-മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടിന്റെ പേരിൽ ജി. എസ്. ടി രജിസ്ട്രേഷനുവേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊട്ടാരക്കര ബ്രാഞ്ചിൽ ഒരു അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 13/2023/ധന.** **തീയതി, തിരുവനന്തപുരം, 04.01.2023**

---

പരാമർശം :- ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 12.08.2022 ലെ A3-18229/2022/PHQ നമ്പർ കത്ത്.

**ഉത്തരവ്**

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2008-11) യുടെ 85-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 62 പ്രകാരം ഇൻപുട്ട് ടാക്സുമായി ബന്ധപ്പെട്ട നികുതിയിളവ് ലഭിക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ചരക്കു സേവന നികുതി രജിസ്ട്രേഷൻ നിർബന്ധമായി എടുക്കണമെന്ന് ശിപാർശ ചെയ്തിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിലിൽ സ്ഥാപനത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ സൂപ്രണ്ടിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മറ്റ് സർക്കാർ ഫണ്ടുകൾ പ്രസ്തുത അക്കൗണ്ട് മുഖേന കൈകാര്യം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയിൽ, കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടിന്റെ പേരിൽ ജി. എസ്. ടി രജിസ്ട്രേഷനുവേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊട്ടാരക്കര ബ്രാഞ്ചിൽ ഒരു അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ജയിൽ വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം - 12
ആഭ്യന്തര (ബി) വകുപ്പ് (UO (F) No. HOME-B2/226/2022-HOME Computer No. 2198682 പ്രകാരം)
ധനകാര്യ (വ്യയം - ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ E 2236400)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ